"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം - വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ആയ ശ്രീ.ലിജുമോൻ.എസ്, നിയമനത്തിനായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1022/2026/LSGD തിരുവനന്തപുരം, തീയതി:16-05-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.953/2025/തസ്വഭവ തീയതി: 11.04.2025
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.03.2026-ലെ LSGD/PD/5870/2026-DEA1നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററായി ശ്രീ.ലിജുമോൻ.എസ് സേവനമനുഷ്ഠിച്ചു വരവെ ടി തസ്തികയിലേക്ക് KAS കേഡറിൽപ്പെട്ട ഉദ്യോഗസ്ഥ നിയമിതയായതിനെത്തുടർന്ന് പ്രസ്തുത തസ്തികയിൽ നിന്നും 07.04.2025 FN ൽ വിടുതൽ ലഭിച്ച് മാതൃവകുപ്പിൽ നിയമനത്തിനായി തിരികെ പ്രവേശിച്ചിരുന്നു. പരാമർശം (1) പ്രകാരം ടിയാളെ കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിക്കുകയും 15.04.2025 FN-ൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.ലിജുമോൻ.എസ് നിയമനത്തിനായി കാത്തുനിന്ന 07.04.2025 മുതൽ 14.04.2025 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുവാൻ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ആയ ശ്രീ.ലിജുമോൻ.എസ് നിയമനത്തിനായി കാത്തുനിന്ന 07.04.2025 മുതൽ 14.04.2025 വരെയുള്ള കാലയളവ് കെ എസ് ആർ ഭാഗം I, ചട്ടം 12 (7)-നു ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ.ലിജുമോൻ.എസ് , അസിസ്റ്റന്റ് ഡയറക്ടർ, (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 18-05-2026 11:27:28
സെക്ഷൻ ഓഫീസർ